# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:04872371931)

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 16/16, ചൊവ്വാഴ്ച** **തീയ്യതി 12.04.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 13.04.2016 | 14.04.2016 | 15.04.2016 | 16.04.2016 | 17.04.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 4 | 6 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| മേഘവ്യാപ്തി (ഒക്ട‌) | 5 | 3 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (കതിർ പരുവം) | പോളരോഗം | നെല്ലിൽ പോളരോഗം കാണാനിടയുണ്ട്. നെൽച്ചെടിയുടെ ഏറ്റവും പുറമെയുള്ള ഓലകൾ മഞ്ഞനിറമാകുന്നതാണ് പെട്ടെന്ന് കാണുന്ന ലക്ഷണം. കടഭാഗം നോക്കിയാൽ ജലനിരപ്പിനു മുകളിലായി ഇലപ്പോളകളിൽ കറുത്ത പാടുകൾ കാണാം. ഇത് നിയന്ത്രിക്കുവാൻ പ്രൊപ്പികോണസോൾ 25 EC 500 മി.ല്ലി. ഒരു ഹെക്ടറിൽ എന്ന തോതിൽ തളിക്കാം |
| വാഴ | സിഗാർ എൻഡ് രോഗം | ഉയർന്ന താപനില മൂലവും അന്തരീക്ഷ ആർദ്രത കുറഞ്ഞു വരുന്നതു മൂലവും വാഴക്കുലയിൽ സിഗാർ എൻഡ് രോഗം കണ്ടുവരുന്നു. രോഗം ബാധിച്ച കായ്കളുടെ അറ്റം കറുത്ത് ചുക്കിചുളിയുകയും ആ ഭാഗത്ത് വെളുത്ത പൂപ്പലുകൾ കാണുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇവയെ നിയന്ത്രിക്കാനായി 3 ഗ്രാം ഡൈത്തേൻ എം45, ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പച്ചക്കറികൾ | കായ്തുരപ്പൻ | കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി 5% വീര്യമുള്ള വേപ്പിൻ കുരു സത്ത് തളിക്കുക. |

**വേപ്പിൻ കുരു സത്ത് ഉാക്കുന്ന വിധം:**

വേപ്പിൻ കുരു നന്നായി പൊടിച്ചെടുക്കുക. 30 ഗ്രാം വേപ്പിൻകുരു പൊടി ഒരു തുണിയിൽ കിഴികെട്ടി 10 ലിറ്റർ വെള്ളത്തിൽ 12 മണിക്കൂർ മുക്കിയിടുക. തുടർന്ന് കിഴി പിഴിഞ്ഞ് സത്ത് പുറത്തെടുക്കുക. ഇളം തവിട്ടു നിറത്തിൽ സത്തു വരുന്നതുവരെ ഇങ്ങനെ കിഴി വെള്ളത്തിൽ മുക്കി പിഴിഞ്ഞെടുക്കുക. ഇങ്ങനെ ഉാക്കിയ വേപ്പിൻകുരു സത്ത് ലായിനി ചെടികളിൽ നേരിട്ട് തളിക്കാം.